**ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടിയും, രാജ്യത്തിന്റെ യാഥാർഥ്യത്തിനും പ്രത്യക്ഷതയ്ക്കുംവേണ്ടിയും, കർത്താവിന്റെ വരവിനുവേണ്ടി മണവാട്ടി തന്നെത്താൻ ഒരുക്കുന്നതിനുവേണ്ടിയും നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്മേൽ അധ്വാനിക്കുന്നു**

ദൂത് ഒമ്പത്

# മാതളനാരകങ്ങളുടെ ദേശം

JL *Hymns:* ML77, ML205

തിരുവെഴുത്ത് വായന: ആവ. 8:8; പുറ. 28:33-34; 1 രാജാ. 7:18-20; ഉത്ത. 4:3, 13; 2 പത്രൊ. 1:3-8

Deut. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

Exo. 28:33 നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ എന്നിവകൊണ്ടു ചുറ്റും അതിന്റെ വിളുമ്പിൽ മാതളപ്പഴങ്ങളും അവയുടെ ഇടയിൽ ചുറ്റും പൊന്നുകൊണ്ടു മണികളും ഉണ്ടാക്കേണം.

Exo. 28:34 അങ്കിയുടെ വിളുമ്പിൽ ചുറ്റും ഒരു പൊന്മണി ഒരു മാതളപ്പഴം, ഒരു പൊന്മണി ഒരു മാതളപ്പഴം, ഇങ്ങനെ വേണം.

1 Kings. 7:18 അങ്ങനെ അവൻ സ്തംഭങ്ങളെ ഉണ്ടാക്കി; അവയുടെ തലെക്കലുള്ള പോതിക മൂടത്തക്കവണ്ണം ഒരു പോതികയുടെ വലപ്പണിക്കു മീതെ രണ്ടു വരി മാതളപ്പഴം ഉണ്ടാക്കി; മറ്റെ പോതികെക്കും അവൻ അങ്ങനെ തന്നേ ഉണ്ടാക്കി.

1 Kings. 7:19 മണ്ഡപത്തിലുള്ള സ്തംഭങ്ങളുടെ തലെക്കലെ പോതിക താമരപ്പൂവിന്റെ ആകൃതിയിൽ നാലു മുഴം ആയിരുന്നു.

1 Kings. 7:20 രണ്ടു സ്തംഭത്തിന്റെയും തലെക്കൽ പോതിക ഉണ്ടായിരുന്നു. ഒരു പോതികെക്കു വലപ്പണിക്കരികെ കുംഭത്തോടു ചേർന്നു ചുറ്റും വരിവരിയായി ഇരുനൂറു മാതളപ്പഴം ഉണ്ടായിരുന്നു; മറ്റെ പോതികെക്കും അങ്ങനെ തന്നെ.

S. S. 4:3b ... ചെന്നികൾ നിന്റെ മൂടുപടത്തിൻ ഉള്ളിൽ മാതളപ്പഴത്തിൻ ഖണ്ഡംപോലെ ഇരിക്കുന്നു.

S. S. 4:13a നിന്റെ ചിനെപ്പുകൾ വിശിഷ്ടഫലങ്ങളോടുകൂടിയ മാതളത്തോട്ടം;

2 Pet. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

2 Pet. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

2 Pet. 1:5 ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തു കൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; നന്മയിൽ പരിജ്ഞാനവും;

2 Pet. 1:6 പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും; ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; സഹിഷ്ണുതയിൽ ദൈവികതയും;

2 Pet. 1:7 ദൈവികതയിൽ സഹോദരസ്നേഹവും; സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ.

2 Pet. 1:8 എന്തെന്നാൽ ഈ കാര്യങ്ങൾ നിങ്ങളിൽ നിലനിന്നും വർധിച്ചും കൊണ്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പൂർണ, പരിജ്ഞാനത്തിങ്കലേക്കു നിങ്ങളെ

നിഷ്ക്രിയരോ നിഷ്ഫലരോ ആകാതെ സംരചിക്കുന്നു.

**I. വേദപുസ്തകത്തിൽ മാതളനാരകങ്ങൾ ജീവന്റെ നിറവിനെയും, ജീവന്റെ സമൃദ്ധിയെയും സൗന്ദര്യത്തെയും, ജീവന്റെ സമ്പന്നതയുടെ ആവിഷ്കാരത്തെയും സൂചിപ്പിക്കുന്നു—ആവ. 8:8; പുറ. 28:33-34; 1 രാജാ. 7:18-20; ഉത്ത. 4:3, 13:**

Deut. 8:8 കോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവും മാതളനാരകവും ഉള്ള ദേശം;

Exo. 28:33 നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ എന്നിവകൊണ്ടു ചുറ്റും അതിന്റെ വിളുമ്പിൽ മാതളപ്പഴങ്ങളും അവയുടെ ഇടയിൽ ചുറ്റും പൊന്നുകൊണ്ടു മണികളും ഉണ്ടാക്കേണം.

Exo. 28:34 അങ്കിയുടെ വിളുമ്പിൽ ചുറ്റും ഒരു പൊന്മണി ഒരു മാതളപ്പഴം, ഒരു പൊന്മണി ഒരു മാതളപ്പഴം, ഇങ്ങനെ വേണം.

1 Kings. 7:18 അങ്ങനെ അവൻ സ്തംഭങ്ങളെ ഉണ്ടാക്കി; അവയുടെ തലെക്കലുള്ള പോതിക മൂടത്തക്കവണ്ണം ഒരു പോതികയുടെ വലപ്പണിക്കു മീതെ രണ്ടു വരി മാതളപ്പഴം ഉണ്ടാക്കി; മറ്റെ പോതികെക്കും അവൻ അങ്ങനെ തന്നേ ഉണ്ടാക്കി.

1 Kings. 7:19 മണ്ഡപത്തിലുള്ള സ്തംഭങ്ങളുടെ തലെക്കലെ പോതിക താമരപ്പൂവിന്റെ ആകൃതിയിൽ നാലു മുഴം ആയിരുന്നു.

1 Kings. 7:20 രണ്ടു സ്തംഭത്തിന്റെയും തലെക്കൽ പോതിക ഉണ്ടായിരുന്നു. ഒരു പോതികെക്കു വലപ്പണിക്കരികെ കുംഭത്തോടു ചേർന്നു ചുറ്റും വരിവരിയായി ഇരുനൂറു മാതളപ്പഴം ഉണ്ടായിരുന്നു; മറ്റെ പോതികെക്കും അങ്ങനെ തന്നെ.

S. S. 4:3b ... നിന്റെ ചെന്നികൾ നിന്റെ മൂടുപടത്തിൻ ഉള്ളിൽ മാതളപ്പഴത്തിൻ ഖണ്ഡംപോലെ ഇരിക്കുന്നു.

S. S. 4:13a നിന്റെ ചിനെപ്പുകൾ വിശിഷ്ടഫലങ്ങളോടുകൂടിയ മാതളത്തോട്ടം; ...

A. വിത്തുകളോടുകൂടിയ വിളഞ്ഞ മാതളം ജീവന്റെ നിറവിന്റെയും ജീവന്റെ സമൃദ്ധിയുടെയും സൗന്ദര്യത്തിന്റെയും മതിപ്പ് നൽകുന്നു.

B. ഗോതമ്പും യവവും മുന്തിരിവള്ളിയും അത്തിവൃക്ഷവുമായി നാം ക്രിസ്തുവിനെ അനുഭവമാക്കുകയും ആസ്വദിക്കുകയും ചെയ്യുന്നുവെങ്കിൽ, ക്രിസ്തുവിന്റെ ജീവന്റെ സമൃദ്ധി നമ്മോടുകൂടെ ഉണ്ടായിരിക്കുകയും, ക്രിസ്തുവിന്റെ സൗന്ദര്യം നമ്മെക്കുറിച്ചായിരിക്കുകയും ചെയ്യും; ഇതാണ് മാതളനാരകം എന്ന നിലയിലുള്ള ക്രിസ്താനുഭവം.

C. നാം പക്വതയിലേക്ക് ജീവനിൽ വളരുന്നുവെങ്കിൽ, നാം മാതളനാരകങ്ങളായിത്തീരും—കൊലൊ. 2:19; 1:28:

Col. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

Col. 1:28 ഏതു മനുഷ്യനെയും ക്രിസ്തുവിൽ പൂർണവളർച്ച എത്തിയവനായി നിർത്തേണ്ടതിന്, സകല ജ്ഞാനത്തോടുംകൂടെ ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനെയും ഉപദേശിക്കുകയും ചെയ്തുകൊണ്ട്, അവനെ ഞങ്ങൾ അറിയിക്കുന്നു;

1. അവനോടുള്ള നമ്മുടെ സ്നേഹം നിമിത്തം കർത്താവായ യേശുവിനാൽ നാം എത്രയധികം ഭരിക്കപ്പെടുവാനും പരിമിതപ്പെടുവാനും മനസ്സുള്ളവരാകുന്നുവോ, അത്രയധികം നാം ജീവനിൽ വളരും—വാ. 13, 28.

Col. 1:13 അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്ന് നമ്മെ വിടുവിച്ച്, തന്റെ

സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു,

Col. 1:28 ഏതു മനുഷ്യനെയും ക്രിസ്തുവിൽ പൂർണവളർച്ച എത്തിയവനായി നിർത്തേണ്ടതിന്, സകല ജ്ഞാനത്തോടുംകൂടെ ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനെയും ഉപദേശിക്കുകയും ചെയ്തുകൊണ്ട്, അവനെ ഞങ്ങൾ അറിയിക്കുന്നു;

2. ക്രിസ്തുവിന്റെ സർവാത്മകതയുടെയും വിശാലതയുടെയും ദർശനം നാം കാണുന്നുവെങ്കിൽ, ഈ ക്രിസ്തുവിൽ നമ്മുടെ സമ്പൂർണ ആളത്തം നാം കേന്ദ്രീകരിക്കുകയും, അവൻ നമ്മെ നിറയ്ക്കുകയും സാന്ദ്രീകരിക്കുകയും ചെയ്യും—വാ. 12; 2:9, 16-17; 3:10-11:

Col. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി നിങ്ങളെ യോഗ്യരാക്കിയ പിതാവിനെ സ്തോത്രം ചെയ്യുന്നു;

Col. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

Col. 2:16 അതുകൊണ്ട് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതിലോ, വിരുന്ന്, കറുത്തവാവ്, ശബ്ബത്ത് എന്നിവയെ സംബന്ധിച്ചോ ആരും നിങ്ങളെ വിധിക്കാതിരിക്കട്ടെ,

Col. 2:17 അവ വരുവാനുള്ളവയുടെ നിഴലാകുന്നു, എന്നാൽ ദേഹമോ ക്രിസ്തുവിന്റേതാകുന്നു.

Col. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

Col. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

a. നമ്മുടെ ആളത്തം വിശാലമായ, അപ്രമേയ ധനമുള്ള, വിശാലനായ ക്രിസ്തുവിനാൽ സ്വായത്തമാക്കപ്പെടും—എഫെ. 3:18.

Eph. 3:18 സകല വിശുദ്ധന്മാരോടുംകൂടെ വീതിയും നീളവും ഉയരവും ആഴവും എന്തെന്ന് ഗ്രസിക്കുവാൻ പൂർണ ബലമുണ്ടാകേണ്ടതിനും,

b. നമുക്ക് ജീവിക്കുന്നത്, നമ്മെ കൈവശമാക്കുകയും തന്നെക്കൊണ്ടുതന്നെ നമ്മെ നിറയ്ക്കുകയും സ്വായത്തമാക്കുകയും ചെയ്യുന്ന ക്രിസ്തു ആയിരിക്കും—ഫിലി. 1:20-21; എഫെ. 3:17.

Phil. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

Phil. 1:21a എനിക്കു ജീവിക്കുന്നത് ക്രിസ്തുവും...

Eph. 3:17a അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും...

3. ക്രിസ്തുവിൽ പൂർണ വളർച്ച പ്രാപിക്കുകയെന്നാൽ ക്രിസ്തുവിനാൽ നിറയുകയും സാന്ദ്രീകരിക്കപ്പെടുകയും അഭിവ്യാപിക്കപ്പെടുകയും ചെയ്യുക എന്നാണ്—കൊലൊ. 1:28:

Col. 1:28 ഏതു മനുഷ്യനെയും ക്രിസ്തുവിൽ പൂർണവളർച്ച എത്തിയവനായി നിർത്തേണ്ടതിന്, സകല ജ്ഞാനത്തോടുംകൂടെ ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനെയും ഉപദേശിക്കുകയും ചെയ്തുകൊണ്ട്, അവനെ ഞങ്ങൾ അറിയിക്കുന്നു;

a. ഇത് നമ്മുടെ എല്ലാ ഭാഗങ്ങളും ക്രിസ്തുവിനാൽ സ്വായത്തമാക്കപ്പെടുന്നതാണ്—എഫെ. 3:17a; ഗലാ. 4:19.

Eph. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും,...

Gal. 4:19 ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം നിങ്ങൾ നിമിത്തം ഞാൻ വീണ്ടും പ്രസവവേദനപ്പെടുന്ന എന്റെ കുഞ്ഞുങ്ങളേ,

b. ഇതാണ് കൊലൊസ്സ്യരിൽ വെളിപ്പെടുത്തിയിരിക്കുന്ന ക്രിസ്തുവിനെ അനുഭവമാക്കുന്നതിന്റെ ഫലമായ ജീവനിലുള്ള വളർച്ചയും ജീവനിലുള്ള പക്വതയും—2:9, 19; 3:4, 10-11.

Col. 2:9 അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്,

Col. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

Col. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

Col. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

Col. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

**II. സഭയെ സൂചിപ്പിക്കുന്ന മഹാപുരോഹിതന്റെ മേലങ്കിയുടെ കീഴ്ഭാഗത്ത് മാതളപ്പഴങ്ങളും സ്വർണ മണികളും ഉണ്ടായിരുന്നു—പുറ. 28:33-34:**

Exo. 28:33 നീലനൂൽ, ധൂമ്രനൂൽ, ചുവപ്പുനൂൽ എന്നിവകൊണ്ടു ചുറ്റും അതിന്റെ വിളുമ്പിൽ മാതളപ്പഴങ്ങളും അവയുടെ ഇടയിൽ ചുറ്റും പൊന്നുകൊണ്ടു മണികളും ഉണ്ടാക്കേണം.

Exo. 28:34 അങ്കിയുടെ വിളുമ്പിൽ ചുറ്റും ഒരു പൊന്മണി ഒരു മാതളപ്പഴം, ഒരു പൊന്മണി ഒരു മാതളപ്പഴം, ഇങ്ങനെ വേണം.

A. സഭ അവളുടെ മനുഷ്യത്വത്തിൽ ജീവനാൽ നിറഞ്ഞതായിരിക്കണം; ഇതാണ് ചണനൂൽകൊണ്ട് ഉണ്ടാക്കിയ മാതളപ്പഴങ്ങളുടെ പ്രാധാന്യം.

B. ജീവന്റെ നിറവിനെ ആവിഷ്കരിക്കാനുള്ള മനുഷ്യത്വവും, സ്വർണമണികളുടെ മുഴക്കത്തിനായുള്ള ദിവ്യത്വവും സഭയ്ക്കുണ്ട്:

1. ജീവന്റെ നിറവ് സഭയുടെ മനുഷ്യത്വത്തിൽ ആവിഷ്കരിക്കപ്പെടുന്നു, എന്നാൽ മുന്നറിയിപ്പിന്റെ ശബ്ദം സഭയുടെ ദിവ്യത്വത്തിൽ (സ്വർണ മണികൾ) ആവിഷ്കരിക്കപ്പെടുന്നു.
2. നമുക്ക് ആദ്യം ജീവന്റെ നിറവിന്റെ ആവിഷ്കാരവും, തുടർന്ന് സ്വർണ മണികളുടെ മുഴക്കവും, അതായത്, സഭയുടെ ദിവ്യത്വത്തിൽ നിന്നുള്ള സംസാരവും ഉണ്ട്.
3. നമ്മുടെ മനുഷ്യത്വത്തിൽ ആവിഷ്കരിക്കപ്പെടുന്ന ജീവന്റെ സൗന്ദര്യവും സ്വർണ മണികളിൽനിന്നുള്ള ദിവ്യ നാദവും ശരിയായ സഭാജീവിതത്തിന്റെ അടയാളങ്ങളാണ്.

**III. ആലയത്തിലെ സ്തംഭങ്ങളുടെ തലയ്ക്കലുള്ള പോതികകൾക്കു ചുറ്റുമുള്ള ഇരുനൂറ് മാതളപ്പഴങ്ങൾ ജീവന്റെ സമ്പന്നതയുടെ ആവിഷ്കാരത്തെ സൂചിപ്പിക്കുന്നു—1 രാജാ. 7:18-20; 2 ദിന. 3:15-16; യിരെ. 52:22-23:**

1 Kings. 7:18 അങ്ങനെ അവൻ സ്തംഭങ്ങളെ ഉണ്ടാക്കി; അവയുടെ തലെക്കലുള്ള പോതിക മൂടത്തക്കവണ്ണം ഒരു പോതികയുടെ വലപ്പണിക്കു മീതെ രണ്ടു വരി മാതളപ്പഴം ഉണ്ടാക്കി; മറ്റെ പോതികെക്കും അവൻ അങ്ങനെ തന്നേ ഉണ്ടാക്കി.

1 Kings. 7:19 മണ്ഡപത്തിലുള്ള സ്തംഭങ്ങളുടെ തലെക്കലെ പോതിക താമരപ്പൂവിന്റെ ആകൃതിയിൽ നാലു മുഴം ആയിരുന്നു.

1 Kings. 7:20 രണ്ടു സ്തംഭത്തിന്റെയും തലെക്കൽ പോതിക ഉണ്ടായിരുന്നു. ഒരു പോതികെക്കു വലപ്പണിക്കരികെ കുംഭത്തോടു ചേർന്നു ചുറ്റും വരിവരിയായി ഇരുനൂറു മാതളപ്പഴം ഉണ്ടായിരുന്നു; മറ്റെ പോതികെക്കും അങ്ങനെ തന്നെ.

2 Chron. 3:15 അവൻ ആലയത്തിന്റെ മുമ്പിൽ മുപ്പത്തഞ്ചു മുഴം ഉയരമുള്ള രണ്ടു സ്തംഭമുണ്ടാക്കി; അവയുടെ തലെക്കലുള്ള പോതികെക്കു അയ്യഞ്ചു മുഴം ഉയരമുണ്ടായിരുന്നു.

2 Chron. 3:16 അന്തർമ്മന്ദിരത്തിൽ ഉള്ളപോലെ മാലകളെ അവൻ ഉണ്ടാക്കി സ്തംഭങ്ങളുടെ തലെക്കൽവെച്ചു; നൂറു മാതളപ്പഴവും ഉണ്ടാക്കി മാലകളിൽ കോർത്തിട്ടു.

Jer. 52:22 അതിന്മേൽ താമ്രംകൊണ്ടു ഒരു പോതിക ഉണ്ടായിരുന്നു; പോതികയുടെ ഉയരം അഞ്ചു മുഴം പോതികമേൽ ചുറ്റും വലപ്പണിയും മാതളപ്പഴവും ഉണ്ടായിരുന്നു; സകലവും താമ്രംകൊണ്ടായിരുന്നു; രണ്ടാമത്തെ സ്തംഭത്തിന്നും ഇതുപോലെയുള്ള പണിയും മാതളപ്പഴവും ഉണ്ടായിരുന്നു.

Jer. 52:23 നാലുപുറത്തുംകൂടെ തൊണ്ണൂറ്റാറു മാതളപ്പഴവും ഉണ്ടായിരുന്നു: വലപ്പണിയിൽ ചുറ്റുമുള്ള മാതളപ്പഴം ആകെ നൂറു ആയിരുന്നു.

A. തങ്ങളെത്തന്നെ വിധിക്കുകയും (താമ്രം) തങ്ങളെത്തന്നെ ഒന്നുമല്ല എന്ന് കരുതുകയും ചെയ്യുന്നവർ ഇടകലർന്നതും സങ്കീർണവുമായ സാഹചര്യത്തിന്റെ നടുവിൽ (വലപോലെയുള്ള വിചിത്രപണിയും മാലയും) പൂർണ ഉത്തരവാദിത്വം വഹിക്കുവാൻ പ്രാപ്തരായിരിക്കും, എന്തുകൊണ്ടെന്നാൽ അവർ ജീവിക്കുന്നത് തങ്ങളാൽത്തന്നെയല്ല, ദൈവത്തിലുള്ള വിശ്വാസത്താലാണ് (താമരപ്പൂവ്); അങ്ങനെ, അവർ ജീവന്റെ സമ്പന്നതയെ (മാതളപ്പഴം) ഇരുനൂറ് മടങ്ങ് ആവിഷ്കരിക്കുന്നു—1 രാജാ. 7:15-22.

1 Kings. 7:15 അവൻ രണ്ടു താമ്രസ്തംഭം ഉണ്ടാക്കി; ഓരോന്നിന്നു പതിനെട്ടു മുഴം ഉയരവും പന്ത്രണ്ടുമുഴം ചുറ്റളവും ഉണ്ടായിരുന്നു.

1 Kings. 7:16 സ്തംഭങ്ങളുടെ തലെക്കൽ വെപ്പാൻ അവൻ താമ്രംകൊണ്ടു രണ്ടു

പോതിക വാർത്തുണ്ടാക്കി; പോതിക ഓരോന്നും അയ്യഞ്ചു മുഴം ഉയരമുള്ളതായിരുന്നു.

1 Kings. 7:17 സ്തംഭങ്ങളുടെ തലെക്കലെ പോതികെക്കു വലപോലെയുള്ള വിചിത്രപ്പണിയും മാലയും ഉണ്ടായിരുന്നു. പോതിക ഓരോന്നിന്നും ഇങ്ങനെ ഏഴേഴുണ്ടായിരുന്നു.

1 Kings. 7:18 അങ്ങനെ അവൻ സ്തംഭങ്ങളെ ഉണ്ടാക്കി; അവയുടെ തലെക്കലുള്ള പോതിക മൂടത്തക്കവണ്ണം ഒരു പോതികയുടെ വലപ്പണിക്കു മീതെ രണ്ടു വരി മാതളപ്പഴം ഉണ്ടാക്കി; മറ്റെ പോതികെക്കും അവൻ അങ്ങനെ തന്നേ ഉണ്ടാക്കി.

1 Kings. 7:19 മണ്ഡപത്തിലുള്ള സ്തംഭങ്ങളുടെ തലെക്കലെ പോതിക താമരപ്പൂവിന്റെ ആകൃതിയിൽ നാലു മുഴം ആയിരുന്നു.

1 Kings. 7:20 രണ്ടു സ്തംഭത്തിന്റെയും തലെക്കൽ പോതിക ഉണ്ടായിരുന്നു. ഒരു പോതികെക്കു വലപ്പണിക്കരികെ കുംഭത്തോടു ചേർന്നു ചുറ്റും വരിവരിയായി ഇരുനൂറു മാതളപ്പഴം ഉണ്ടായിരുന്നു; മറ്റെ പോതികെക്കും അങ്ങനെ തന്നെ.

1 Kings. 7:21 അവൻ സ്തംഭങ്ങളെ മന്ദിരത്തിന്റെ മണ്ഡപവാതിൽക്കൽ നിറുത്തി; അവൻ വലത്തെ സ്തംഭം നിറുത്തി അതിന്നു യാഖീൻ എന്നും ഇടത്തെ സ്തംഭം നിറുത്തി അതിന്നു ബോവസ് എന്നും പേരിട്ടു.

1 Kings. 7:22 സ്തംഭങ്ങളുടെ അഗ്രം താമരപ്പൂവിന്റെ ആകൃതിയിൽ ആയിരുന്നു; ഇങ്ങനെ സ്തംഭങ്ങളുടെ പണി തീർന്നു.

B. ഓരോ നൂറു മാതളപ്പഴങ്ങളിൽ തൊണ്ണൂറ്റാറെണ്ണം പുറമെ കാണപ്പെട്ടിരുന്നു, നാലെണ്ണം മറയ്ക്കപ്പെട്ടിരുന്നു—യിരെ. 52:22-23:

Jer. 52:22 അതിന്മേൽ താമ്രംകൊണ്ടു ഒരു പോതിക ഉണ്ടായിരുന്നു; പോതികയുടെ ഉയരം അഞ്ചു മുഴം പോതികമേൽ ചുറ്റും വലപ്പണിയും മാതളപ്പഴവും ഉണ്ടായിരുന്നു; സകലവും താമ്രംകൊണ്ടായിരുന്നു; രണ്ടാമത്തെ സ്തംഭത്തിന്നും ഇതുപോലെയുള്ള പണിയും മാതളപ്പഴവും ഉണ്ടായിരുന്നു.

Jer. 52:23 നാലുപുറത്തുംകൂടെ തൊണ്ണൂറ്റാറു മാതളപ്പഴവും ഉണ്ടായിരുന്നു: വലപ്പണിയിൽ ചുറ്റുമുള്ള മാതളപ്പഴം ആകെ നൂറു ആയിരുന്നു.

1. ജീവന്റെ സമ്പന്നതയുടെ ആവിഷ്കാരം പുനരുത്ഥാനത്തിന്റെ പുതുമയിലും ആത്മാവിലും നിത്യമായി പൂർണതയുള്ളതാണ്.
2. ഓരോ നൂറ് മാതളപ്പഴങ്ങളിലും നാലെണ്ണം മറയ്ക്കപ്പെട്ടിരുന്നു എന്ന വസ്തുത സൂചിപ്പിക്കുന്നത് നമ്മുടെ സ്വാഭാവിക ആളത്തവും, നമ്മുടെ സ്വാഭാവിക ജീവനും, നമ്മുടെ സ്വയവും മറയ്ക്കപ്പെട്ടിരിക്കണം എന്നാണ്.
3. നമ്മുടെ സ്വാഭാവിക ആളത്തം അപ്രത്യക്ഷമാകുമ്പോൾ, നമുക്ക് ആത്മിക വായുവിന്റെ യാഥാർഥ്യത്തിലുള്ള ക്രിസ്തുവിന്റെ ജീവന്റെ സമ്പന്നതയുടെ ആവിഷ്കാരമായ തൊണ്ണൂറ്റാറ് മാതളപ്പഴങ്ങളുണ്ട്.

**IV. ഉത്തമഗീതം അനുസരിച്ച്, ക്രിസ്തുവുമായുള്ള ഒരു വ്യക്തിഗത വിശ്വാസിയുടെ സ്നേഹനിർഭരമായ കൂട്ടായ്മയുടെ പുരോഗമനപരമായ അനുഭവത്തിൽ, മാതളപ്പഴങ്ങൾക്ക് ആത്മിക പ്രാധാന്യമുണ്ട്—4:3, 13a; 6:7, 11; 7:12; 8:2:**

S. S. 4:3b … നിന്റെ ചെന്നികൾ നിന്റെ മൂടുപടത്തിൻ ഉള്ളിൽ മാതളപ്പഴത്തിൻ ഖണ്ഡംപോലെ ഇരിക്കുന്നു.

S. S. 4:13a നിന്റെ ചിനെപ്പുകൾ വിശിഷ്ടഫലങ്ങളോടുകൂടിയ മാതളത്തോട്ടം;…

S. S. 6:7 നിന്റെ ചെന്നികൾ നിന്റെ മൂടുപടത്തിന്റെ ഉള്ളിൽ മാതളപ്പഴത്തിന്റെ

ഖണ്ഡംപോലെ ഇരിക്കുന്നു.

S. S. 6:11 ഞാൻ തോട്ടിന്നരികെയുള്ള സസ്യങ്ങളെ കാണേണ്ടതിന്നും മുന്തിരിവള്ളി തളിർക്കയും മാതളനാരകം പൂക്കയും ചെയ്തുവോ എന്നു നോക്കേണ്ടതിന്നും അക്രോത്ത് തോട്ടത്തിലേക്കു ഇറങ്ങിച്ചെന്നു.

S. S. 7:12 പ്രിയാ, വരിക; നാം വെളിംപ്രദേശത്തു പോക; നമുക്കു ഗ്രാമങ്ങളിൽ ചെന്നു രാപാർക്കാം.

S. S. 8:2b ... സുഗന്ധവർഗ്ഗം ചേർത്ത വീഞ്ഞും എന്റെ മാതളപ്പഴത്തിൻ ചാറും ഞാൻ നിനക്കു കുടിപ്പാൻ തരുമായിരുന്നു..

A. "നിന്റെ ചെന്നികൾ നിന്റെ മൂടുപടത്തിൻ ഉള്ളിൽ മാതളപ്പഴത്തിൻ ഖണ്ഡംപോലെ ഇരിക്കുന്നു"—4:3; 6:7.

B. “ഞാൻ തോട്ടിന്നരികെയുള്ള സസ്യങ്ങളെ കാണേണ്ടതിനും മുന്തിരിവള്ളി തളിർക്കയും മാതളനാരകം പൂക്കയും ചെയ്തുവോ എന്നു നോക്കേണ്ടതിനും അക്രോത്ത് തോട്ടത്തിലേക്കു ഇറങ്ങിച്ചെന്നു”—വാ. 11.

C. “അതികാലത്ത് എഴുന്നേറ്റ് മുന്തിരിത്തോട്ടങ്ങളിൽ പോയി മുന്തിരിവള്ളി തളിർത്തു പൂവിടരുകയും മാതളനാരകം പൂക്കയും ചെയ്തുവോ എന്നു നോക്കാം; അവിടെവെച്ചു ഞാൻ നിനക്ക് എന്റെ പ്രേമം തരും”—7:13.

D. “സുഗന്ധവർഗ്ഗം ചേർത്ത വീഞ്ഞും എന്റെ മാതളപ്പഴത്തിൻ ചാറും ഞാൻ നിനക്ക് കുടിപ്പാൻ തരുമായിരുന്നു”—8:2.

E. "നിന്റെ ചിനെപ്പുകൾ വിശിഷ്ടഫലങ്ങളോടുകൂടിയ മാതളത്തോട്ടം"—4:13:

1. തന്റെ പ്രിണയിനിയെ ക്രിസ്തു ആസ്വദിക്കുന്നതിൽ, അവൾ ആന്തരിക ജീവന്റെ വ്യത്യസ്ത ആവിഷ്കാരങ്ങളെന്ന നിലയിൽ വ്യത്യസ്ത നിറങ്ങളുള്ളതും, പക്വതയുള്ള ജീവന്റെ സമ്പന്ന ആവിഷ്കാരമെന്ന നിലയിൽ പലതരം സുഗന്ധങ്ങളുമുള്ള എല്ലാത്തരം സസ്യങ്ങളെയും വളർത്തുന്ന കെട്ടി അടയ്ക്കപ്പെട്ടിരിക്കുന്ന ഒരു തോട്ടമാണ്—വാ. 13-14.

   S. S. 4:13 നിന്റെ ചിനെപ്പുകൾ വിശിഷ്ടഫലങ്ങളോടുകൂടിയ മാതളത്തോട്ടം; മയിലാഞ്ചിയോടുകൂടെ ജടാമാംസിയും,

   S. S. 4:14 ജടാമാംസിയും കുങ്കുമവും, വയമ്പും ലവംഗവും, സകലവിധ കുന്തുരുക്കവൃക്ഷങ്ങളും, മൂറും അകിലും സകല പ്രധാന സുഗന്ധവർഗ്ഗവും തന്നേ.

2. ഇത് കർത്താവിന് പ്രിണയിനിയുടെ സൗന്ദര്യമായിത്തീരുന്നു; പോഷിപ്പിക്കുകയും ഉന്മേഷം നൽകുകയും ചെയ്യുന്ന പഴങ്ങൾ ഉല്പാദിപ്പിക്കുകയും, സൗരഭ്യവാസന പുറപ്പെടുവിക്കുകയും, ക്രിസ്തുവിന്റെ ആസ്വാദനത്തിനുവേണ്ടി മനോഹരമായ നിറങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തുകൊണ്ട് ക്രിസ്തുവിന്റെ പ്രിണയിനി ഇപ്പോൾ ജീവനിൽ സമ്പന്നയാണ്.

**V. 2 പത്രൊസ് 1:3-8-ൽ നമുക്ക് ദിവ്യപ്രകൃതത്തിന്റെ ആസ്വാദനത്തിലൂടെ ശ്രേഷ്ഠമായ നന്മകളുടെ വികാസം ഉണ്ട്:**

2 Pet. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

2 Pet. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ

പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

2 Pet. 1:5 ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തു കൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; നന്മയിൽ പരിജ്ഞാനവും;

2 Pet. 1:6 പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും; ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; സഹിഷ്ണുതയിൽ ദൈവികതയും;

2 Pet. 1:7 ദൈവികതയിൽ സഹോദരസ്നേഹവും; സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ.

2 Pet. 1:8 എന്തെന്നാൽ ഈ കാര്യങ്ങൾ നിങ്ങളിൽ നിലനിന്നും വർധിച്ചും കൊണ്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പൂർണ, പരിജ്ഞാനത്തിങ്കലേക്കു നിങ്ങളെ നിഷ്ക്രിയരോ നിഷ്ഫലരോ ആകാതെ സംരചിക്കുന്നു.

A. "ജീവനും ദൈവികതയും സംബന്ധിച്ച സകലവും" നല്ലദേശത്തിന്റെ വിളവുകളുടെ സമ്പന്നതയാൽ മുൻകുറിക്കപ്പെടുന്ന ദിവ്യജീവന്റെ വിവിധ വശങ്ങളാണ്—വാ. 3:

2 Pet. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

1. ജീവൻ അകമെയാണ്, അത് നമ്മെ ജീവിക്കുവാൻ പ്രാപ്തമാക്കുന്നു; അകമെയുള്ള ജീവന്റെ ബാഹ്യമായ ആവിഷ്കാരമെന്ന നിലയിൽ ദൈവികത പുറമെയാണ്.
2. തേജസ്സിലേക്ക് നയിക്കുകയും തേജസ്സിൽ പരിണമിക്കുകയും ചെയ്യുന്ന ബാഹ്യമായ ദൈവികത പുറപ്പെടുവിക്കുവാനുള്ള ആന്തരിക ഊർജം, ആന്തരിക ബലം ആണ് ജീവൻ.

B. വിശ്വാസത്തെ ജീവന്റെ സർവവും-ഉൾക്കൊള്ളുന്ന വിത്തായും, സ്നേഹത്തെ അതിന്റെ പൂർണ വികാസത്തിന്റെ ഫലമായും കണക്കാക്കാം—വാ. 3, 8.

2 Pet. 1:3 തന്റെ സ്വന്തം, തേജസ്സിനാലും നന്മയാലും നമ്മെ വിളിച്ചവന്റെ പൂർണ പരിജ്ഞാനത്തിലൂടെ, അവന്റെ ദിവ്യശക്തി ജീവനും ദൈവികതയും സംബന്ധിച്ച സകലവും നമുക്കു നൽകിയിരിക്കുന്നുവല്ലോ,

2 Pet. 1:8 എന്തെന്നാൽ ഈ കാര്യങ്ങൾ നിങ്ങളിൽ നിലനിന്നും വർധിച്ചും കൊണ്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പൂർണ, പരിജ്ഞാനത്തിങ്കലേക്കു നിങ്ങളെ നിഷ്ക്രിയരോ നിഷ്ഫലരോ ആകാതെ സംരചിക്കുന്നു.

C. ഒടുവിൽ, വിശ്വാസത്തിന്റെ വിത്തിൽനിന്നും, നന്മയുടെയും പരിജ്ഞാനത്തിന്റെയും വേരുകളിലൂടെയും, ഇന്ദ്രിയജയത്തിന്റെ തായ്ത്തടിലൂടെയും, സഹിഷ്ണുതയുടെയും ദൈവികതയുടെയും ശാഖകളിലൂടെയും, സാഹോദരസ്നേഹത്തിന്റെയും സ്നേഹത്തിന്റെയും പുഷ്പത്തിലൂടെയും ഫലത്തിലൂടെയും നമുക്ക് ജീവനിൽ പൂർണ വികാസവും പക്വതയും ഉണ്ടായിരിക്കും—വാ. 5-8.

2 Pet. 1:5 ഇക്കാരണത്താൽത്തന്നെ, സകല ശുഷ്കാന്തിയും കൂട്ടിച്ചേർത്തു കൊണ്ട്, നിങ്ങളുടെ വിശ്വാസത്തിൽ നന്മയും; നന്മയിൽ പരിജ്ഞാനവും;

2 Pet. 1:6 പരിജ്ഞാനത്തിൽ ഇന്ദ്രിയജയവും; ഇന്ദ്രിയജയത്തിൽ സഹിഷ്ണുതയും; സഹിഷ്ണുതയിൽ ദൈവികതയും;

2 Pet. 1:7 ദൈവികതയിൽ സഹോദരസ്നേഹവും; സഹോദരസ്നേഹത്തിൽ സ്നേഹവും ധാരാളമായി പകർന്നുനൽകുവിൻ.

2 Pet. 1:8 എന്തെന്നാൽ ഈ കാര്യങ്ങൾ നിങ്ങളിൽ നിലനിന്നും വർധിച്ചും കൊണ്ട്, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പൂർണ, പരിജ്ഞാനത്തിങ്കലേക്കു നിങ്ങളെ നിഷ്ക്രിയരോ നിഷ്ഫലരോ ആകാതെ സംരചിക്കുന്നു.